# <u>കൈരളി റിസർച്ച് അവാർഡുകൾ - 2021</u>

ഗവേഷണരംഗത്തെ കേരളീയരായ പ്രഗൽഭമതികളെ അംഗീകരിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ കൈരളി റിസർച്ച് അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു. പ്രമുഖ ശാസ്ത്രജ്ഞർക്ക് അവരുടെ സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്ക്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്ക്കാരം, എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്ക്കാരങ്ങൾ.

## 1. <u>കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്</u>

വിവിധ ശാസ്ത്രശാഖകൾ, സാമൂഹ്യശാസ്ത്രശാഖകൾ, ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്, ഇവയിലെ സമഗ്ര സംഭാവനയ്ക്ക് കേരളീയരായ പ്രമുഖ ശാസ്ത്രജ്ഞർക്കുള്ള കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് **പ്രൊഫ. സലിം യൂസഫ്,** പ്രൊഫസർ ഓഫ് മെഡിസിൻസ്, മാക്മാസ്റ്റർ യൂണിവേഴ്സിറ്റി, കാനഡ (സയൻസ്) 5 ലക്ഷം രൂപയും പ്രശസ്തിപത്രവും നൽകും.

| | |
|---|---|
| **പ്രൊഫ. സലിം യൂസഫ്**<br>**കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ് (സയൻസ്)** |  |

## 2. <u>കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്</u>

വിവിധ ശാസ്ത്രശാഖകൾ, സാമൂഹ്യശാസ്ത്രശാഖകൾ, ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്, ഇവയിലെ സമഗ്ര സംഭാവനയ്ക്ക് കേരളത്തിലെ സ്ഥാപനങ്ങളിലുള്ള പ്രമുഖ ശാസ്ത്രജ്ഞർക്കുള്ള കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഇത്തവണ **ഡോ. എം.ലീലാവതി** (ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്), **ഡോ. എ. അജയ്ഘോഷ്** (സയൻസ്), **പ്രൊഫ. എം.എ.ഉമ്മൻ** (സോഷ്യൽ സയൻസ്) എന്നിവർക്കാണ്. രണ്ടര ലക്ഷം രൂപയും പ്രശസ്തിപത്രവും നൽകും.

| | |
|---|---|
| **ഡോ. എം. ലീലാവതി**<br>**കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്**<br>**(ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്)** |  |
| **ഡോ. എ. അജയ്ഘോഷ്**<br>**കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്**<br>**(സയൻസ്)** |  |
| **പ്രൊഫ. എം.എ.ഉമ്മൻ**<br>**കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്**<br>**(സോഷ്യൽ സയൻസ്)** |  |

**3. <u>കൈരളി ഗവേഷക പുരസ്ക്കാരം</u>**

ഇന്റർ ഡിസിപ്ലിനറി മേഖലകളിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിന് കൈരളി ഗവേഷക പുരസ്ക്കാരത്തിന് ഈ വർഷം അർഹരായത് **ഡോ. സിജില റോസിലി.സി.വി,** കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കെമിക്കൽ സയൻസ്), **ഡോ. മയൂരി.പി.വി,** ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം (ബയോളജിക്കൽ സയൻസ്), **ഡോ. സ്വപ്ന.എം.എസ്,** കേരള സർവ്വകലാശാല (ഫിസിക്കൽ സയൻസ്), **ഡോ. മഞ്ജു.കെ,** കാലിക്കറ്റ് സർവ്വകലാശാല (ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്) എന്നിവരാണ്. ഇരുപത്തി അയ്യായിരം രൂപയും പ്രശസ്തിപത്രവും രണ്ട് വർഷത്തേയ്ക്ക് റിസർച്ച് ഗ്രാന്റായി 4 ലക്ഷം രൂപയും ട്രാവൽ ഗ്രാന്റായി 75,000/- രൂപയും ഇവർക്ക് ലഭിക്കും.

| | |
|---|---|
| **ഡോ. സിജിലാ റോസിലി.സി.വി**<br>**കൈരളി ഗവേഷക പുരസ്ക്കാരം**<br>**(കെമിക്കൽ സയൻസ്)** |  |
| **ഡോ. മയൂരി.പി.വി**<br>**കൈരളി ഗവേഷക പുരസ്ക്കാരം**<br>**(ബയോളജിക്കൽ സയൻസ്)** |  |
| **ഡോ. സ്വപ്ന.എം.എസ്.**<br>**കൈരളി ഗവേഷക പുരസ്ക്കാരം**<br>**(ഫിസിക്കൽ സയൻസ്)** |  |
| **ഡോ. മഞ്ജു.കെ**<br>**കൈരളി ഗവേഷക പുരസ്ക്കാരം**<br>**(ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്)** |  |

**4. കൈരളി ഗവേഷണ പുരസ്ക്കാരം**

ഗവേഷകരായ അദ്ധ്യാപകർക്കുള്ള കൈരളി ഗവേഷണ പുരസ്ക്കാരങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് **ഡോ. റീനാമോൾ.ജി,** മാർത്തോമ കോളേജ്, തിരുവല്ല (കെമിക്കൽ സയൻസ്), **ഡോ. രാധാകൃഷ്ണൻ.ഇ.കെ,** മഹാത്മഗാന്ധി സർവ്വകലാശാല. (ബയോളജിക്കൽ സയൻസ്), **ഡോ. അലക്സ് പി. ജെയിംസ്,** കേരള യൂണിവേഴ്സിറ്റി ഡിജിറ്റൽ സയൻസ് (ഫിസിക്കൽ സയൻസ്), **ഡോ. അൻവർ സാദത്ത്,** സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (സോഷ്യൽ സയൻസ്), **ഡോ. ഷംഷാദ് ഹുസൈൻ. കെ.റ്റി.,** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്) എന്നിവരാണ്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമാണ്

ജേതാക്കൾക്ക് പുരസ്ക്കാരമായി ലഭിക്കുക. കൂടാതെ 2 വർഷത്തേയ്ക്ക് റിസർച്ച് ഗ്രാന്റായി 24 ലക്ഷം രൂപവരെ ഇവർക്ക് അർഹതയുണ്ടായിരിക്കും.

| | |
|---|---|
| **ഡോ. റീനാമോൾ.ജി**<br>**കൈരളി ഗവേഷണ പുരസ്ക്കാരം**<br>**(കെമിക്കൽ സയൻസ്)** |  |
| **ഡോ. രാധാകൃഷ്ണൻ.ഇ.കെ**<br>**കൈരളി ഗവേഷണ പുരസ്ക്കാരം**<br>**(ബയോളജിക്കൽ സയൻസ്)** |  |
| **ഡോ.അലക്സ് പി. ജെയിംസ്**<br>**കൈരളി ഗവേഷണ പുരസ്ക്കാരം**<br>**(ഫിസിക്കൽ സയൻസ്)** |  |
| **ഡോ. അൻവർ സാദത്ത്**<br>**കൈരളി ഗവേഷണ പുരസ്ക്കാരം**<br>**(സോഷ്യൽ സയൻസ്)** |  |
| **ഡോ. ഷംഷാദ് ഹുസൈൻ.കെ.റ്റി.**<br>**കൈരളി ഗവേഷണ പുരസ്ക്കാരം**<br>**(ആർട്സ് ആന്റ് ഹ്യുമാനിറ്റീസ്)** |  |

സർക്കാരിനുവേണ്ടി കൈരളി റിസർച്ച് അവാർഡുകളുടെ മേൽനോട്ടം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ് നിർവ്വഹിക്കുന്നത്. ഉന്നത

വൈജ്ഞാനിക രംഗത്തെ പ്രഗൽഭർക്ക് ഒരു സംസ്ഥാനം ഇത്രയും പ്രാധാന്യമുള്ള അവാർഡുകൾ ഏർപ്പെടുത്തുന്നത് ഇതാദ്യമാണ്.

## സെലക്ഷൻ കമ്മറ്റി അംഗങ്ങൾ

1. ഡോ. പി.ബലറാം (ചെയർമാൻ, സെലക്ഷൻ കമ്മിറ്റി) ഫോർമർ ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ്, ബംഗ്ലളൂരു
2. ഡോ. പ്രഭാത് പട്നായിക്, പ്രൊഫസർ, സെന്റർ ഫോർ ഇക്കണോമിക്സ് സ്റ്റഡീസ് ആന്റ് പ്ലാനിംഗ്, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് (ജെ.എൻ.യു) മുൻ വൈസ് ചെയർമാൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, കേരള
3. ഡോ. ഇ.ഡി. ജെമ്മീസ്, പ്രൊഫസർ ഓഫ് തിയോററ്റിക്കൽ കെമിസ്ട്രി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ്, ബംഗ്ലളൂരു ആന്റ് ഫൗണ്ടർ ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം.
4. പ്രൊഫ. സച്ചിദാനന്ദൻ, പൊയറ്റ് ആന്റ് ക്രിട്ടിക്, മെമ്പർ ഓഫ് അഡ്വൈസറി കൗൺസിൽ ഓഫ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ.